# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.01.2025**

## പ്രധാനവാർത്തകൾ

RNU TVPM

1. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ശ്രേഷ്ഠമായ ജീവിതം ഉറപ്പാക്കണമെന്നതാണ് കേന്ദ്ര സർക്കാരിൻറെ പ്രധാനലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ; ഗ്രാമീൺ ഭാരത് മഹോത്സവ് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യു.

2. കേരളത്തിൻറെ സാംസ്കാരിക ഉന്നമനത്തിനായി സമൂഹത്തെ മുന്നിൽ നിന്ന് നയിക്കേണ്ടവരാണ് കലോത്സവത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ; 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യു.

3. കൗമാര കലാമേളയ്ക്ക് കൊടിയേറിയതോടെ തിരുവനന്തപുരത്ത് മത്സര വേദികൾ സജീവം ; മോഹിനിയാട്ടവും മംഗളനൃത്തവും പുരോഗമിക്കുന്നു.

4. ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപെട്ടു വരുന്ന വാർത്തകളിൽ സംസ്ഥാനത്ത് ആശങ്ക വേണ്ടെന്ന് മന്ത്രി വീണാജോർജ്.

5. ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗാവസ്കർ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൻറെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യക്ക് ലീഡ്.

****************************************

## ഗ്രാമീൺ ഭാരത് മഹോത്സവ് -പ്രധാനമന്ത്രി ഇൻട്രോ

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ശ്രേഷ്ഠമായ ജീവിതം ഉറപ്പാക്കണമെന്നതാണ് കേന്ദ്ര സർക്കാറിൻറെ പ്രധാനലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്രാമീണ ജനതയെ ശാക്തീകരിക്കാനും അവർക്ക് ഗ്രാമങ്ങളിൽ തന്നെ അന്തസ്സുള്ള ജീവിത മാർഗ്ഗം ഉറപ്പുവരുത്താനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഗ്രാമീൺ ഭാരത് മഹോത്സവ് 2025 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ്) (വോയ്സ്)

ഈ മാസം 9 വരെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന പരിപാതിയിൽ പങ്കെടുക്കുന്ന കരകൗശല വിദഗ്ധരുമായി പ്രധാനമന്ത്രി സംവദിച്ചു. 2047 ഓടെ വികസിത ഭാരതം സാക്ഷാത്കരിക്കാനായി ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്നതാണ് ആറു ദിവസത്തെ മഹോത്സവത്തിന്റെ പ്രമേയം.

RNUTVPM

**********************************

## കലോത്സവം ഉദ്ഘാടനം-ഇൻട്രോ

നമ്മുടെ നാടിൻറെ സാംസ്കാരിക ഉന്നമനത്തിനായി സമൂഹത്തെ മുന്നിൽ നിന്ന് നയിക്കേണ്ടവരാണ് കലോത്സവത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരുമെന്ന തിരിച്ചറിവാണ് ഏറ്റവും വലിയ വിജയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവം തിരുവനന്തപുരത്ത് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വയനാട് ചൂരൽമലയിലെ ദുരന്തത്തിനുശേഷം നടക്കുന്ന കലോത്സവം അതിജീവനത്തിൻറെ കലോത്സവം കൂടിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കലോത്സവത്തിൽ മാറ്റുരയ്ക്കാൻ എത്തിയ പ്രതിഭകൾക്ക് മുഖ്യമന്ത്രി ആശംസ

നേർന്നു. ഒരു മനുഷ്യൻറെ പൂർണ്ണമായ ജീവിതത്തെ അഭിസംബോധന ചെയ്യുന്നതാവണം വിദ്യാഭ്യാസം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

(ഹോൾഡ് വോയിസ് )

***********************************

## സംസ്ഥാന സ്കൂൾ കലോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ വേദികൾ സജീവമായതോടെ തിരുവനന്തപുരം നഗരം കലാപ്രേമികളെ കൊണ്ട് നിറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിനുശേഷം ഒന്നാംവേദിയിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ടം മത്സരം ആരംഭിച്ചു. ആദ്യ ദിവസമായ ഇന്ന് 24 വേദികളിലായി 40 ഓളം മത്സരങ്ങളാണ് അരങ്ങേറുന്നത്. നാളെ മുതൽ 25 വേദികളിലാകും മത്സരങ്ങൾ നടക്കുക

RNU TVPM

***********************************

## മന്ത്രി വി ശിവൻകുട്ടി

സംസ്ഥാന സ്കൂൾ കലോത്സവം വൻ വിജയമാക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി. പൊതുസമൂഹത്തിന്റെ പിന്തുണയാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കരുത്തെന്നും മന്ത്രി പറഞ്ഞു. ആരോഗ്യകരമായ മത്സരങ്ങൾ നടക്കേണ്ട കലോത്സവത്തിൽ തെറ്റായ ഒരു പ്രവണതയും പ്രോത്സാഹിപ്പിക്കില്ലെന്നും മാന്വൽ അനുസരിച്ചു മാത്രമാകും കലോത്സവം നടക്കുകയെന്നും മന്ത്രി വ്യക്തമാക്കി.

***********************************

## മന്ത്രി വീണാ ജോർജ്

കലോത്സവം പൂർണമാകുന്നത് വരെ അടിയന്തര ഘട്ടത്തിൽ വൈദ്യസഹായം നൽകുന്നതിനായി പ്രധാന വേദികളിൽ മെഡിക്കൽ സംഘത്തേയും എല്ലാ വേദികളിലും ഫസ്റ്റ് എയ്ഡ് ടീമിനേയും കനിവ് 108 ഉൾപ്പെടെയുള്ള ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിൽ ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം ആരംഭിച്ചു. അടിയന്തര ഘട്ടത്തിൽ 9072055900 എന്ന നമ്പരിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടാം.

****************************************

## വസന്തോത്സവം -ദീപാലങ്കാരം

ക്രിസ്മസ്-പുതുവർഷ ആഘോഷത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിച്ച വസന്തോത്സവത്തിന്റെ ഭാഗമായുള്ള ദീപാലങ്കാരം 8 വരെ നീട്ടി. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനായി വിവിധ ജില്ലകളിൽ നിന്ന് തലസ്ഥാനത്തെത്തുന്ന ആയിരകണക്കിന് ജനങ്ങൾക്ക് ദീപാലങ്കാരം കാണാനുള്ള സൗകര്യം ഉണ്ടാകുമെന്നു മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.പുഷ്പമേള വെള്ളിയാഴ്ച സമാപിച്ചു.

PNUTVPM

****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

****************************************

## ചൈന വൈറസ്-വീണാ ജോർജ്

ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപെട്ടു വരുന്ന വാർത്തകളിൽ ജനങ്ങൾ ആശങ്ക പെടേണ്ടതില്ലെന്ന് മന്ത്രി വീണാജോർജ്. ചൈനയുൾപ്പെട ലോകത്തിൻറെ പലഭാഗങ്ങളിൽ നിന്നും പ്രവാസികൾ നമ്മുടെ നാട്ടിലേക്ക് എത്തുന്നതിനാൽ

ജാഗ്രത പുലർത്തണം. സംസ്ഥാനം സസൂക്ഷ്മം സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

***********************************

## കണ്ണൂർ വളപട്ടണം പാലം... ഇൻട്രോ

കണ്ണൂർ വളപട്ടണം പാലം-പാപ്പിനിശ്ശേരി റോഡിൽ ഗതാഗത പരിഷ്കാരം നിലവിൽ വന്നതോടെ ദേശീയ പാതയിൽ രൂക്ഷമായ ഗതാഗതക്കുരുക്കിന് ആശ്വാസം. ഇന്നലെ മുതലാണ് പരിഷ്കാരം നടപ്പാക്കിയത് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയ്സ്)**

RIJU TVPM

***********************************

## വ്യക്തിഗത ഡിജിറ്റൽ വിവരം

വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ ചട്ടം 2025-ൻ്റെ കരട്, കേന്ദ്രം പുറത്തിറക്കി. കരട് നിയമങ്ങൾ , നിർദേശങ്ങൾക്കായി തുറന്നിട്ടുണ്ടെന്നും ജനങ്ങളുടെ അഭിപ്രായം തേടുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു . കരട് ചട്ടങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഫെബ്രുവരി 18-നകം MyGov പോർട്ടൽ വഴി സമർപ്പിക്കാം.

***********************************

## വിനോദ സഞ്ചാരം-ഇടുക്കി.. (ഇൻട്രോ)

വിനോദ സഞ്ചാരികളുടെ പറുദീസയായി മാറുകയാണ് ഇടുക്കി. ഡിസംബർ , ജനുവരി മാസങ്ങളിലെ മഞ്ഞിനൊപ്പം കാഴ്ചകളുടെ വിരുന്നൊരുക്കുകയാണ് മലയോര മേഖല.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......

(വോയ്സ്)

****************************************

## ക്രിക്കറ്റ്

സിഡ്നിയിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗാവസ്കർ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൻറെ രണ്ടാം ഇന്നിംഗ്സ് പുരോഗമിക്കുന്നു. ആദ്യ ഇന്നിഗ്സിൽ ഇന്ത്യയുടെ 185 റൺസിനു മറുപടിയായി ഓസ്ട്രേലിയ 181 റൺസ് എടുത്ത് പുറത്തായി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ടാം ഇന്നിങ്സിൽ ഇന്ത്യയ്ക്ക് 137 റൺസ് എടുക്കുന്നതിനിടെ 6 വിക്കറ്റ് നഷ്ടമായിട്ടുണ്ട്. അഞ്ച് മത്സര പരമ്പരയിൽ ഒരു മത്സരം ഇന്ത്യ നേടിയപ്പോൾ 2 ജയവുമായി ഓസ്ട്രേലിയയാണ് മുന്നിൽ.

RNU TVPM

****************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ .ഒഡിഷയിൽ വൈകുന്നേരം 5-ന് നടക്കുന്ന മത്സരത്തിൽ ഒഡിഷ FC, FC ഗോവയെ നേരിടും. രാത്രി 7.30-ന് ജെംഷെഡ്പൂരിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ ജംഷഡ്പൂർ FC ബെംഗലൂരു FC യെ നേരിടും.

****************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*****************************************

## ലോക ബ്രെയിൽ ദിനം

ഇന്ന് ലോക ബ്രെയിൽ ദിനം. കാഴ്ച പരിമിതർക്ക് കാര്യക്ഷമമായ ആശയവിനിമയവും അതുവഴി മനുഷ്യാവകാശത്തിന്റെ സമ്പൂർണ സാക്ഷാത്കാരവും ലക്ഷ്യമിട്ട് 2019 മുതലാണ് ആഗോളതലത്തിൽ ബ്രെയിൽ ദിനം ആചരിക്കുന്നത്. കാഴ്ച വൈകല്യമുള്ളവർക്കുള്ള പ്രവേശനക്ഷമതയും ഉൾപ്പെടുത്തലും ആഘോഷിക്കുന്നു എന്നതാണ് ഈ വർഷത്തെ ലോക ബ്രെയിൽ ദിനത്തിന്റെ പ്രമേയം.

*****************************************

## ബേപ്പൂർ വാട്ടർ ഫെസ്റ്റ്

RNU TVPM

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിൻറെ സീസൺ നാലിന്ന് തുടക്കമായി. ജല കായിക ഇനങ്ങളും ഭക്ഷ്യമേളയും പട്ടം പറത്തൽ മേളയും ഡ്രോൺ ഷോയും സംഗീത കലാപരിപാടികളും അരങ്ങേറുന്ന ഫെസ്റ്റ് സംസ്ഥാന വിനോദസഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും ഡിടിപിസിയും ചേർന്നാണ് സംഘടിപ്പിക്കുന്നത്. ഫെസ്റ്റിന്റെ ഭാഗമായി ഇന്നും നാളെയും രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കാനുള്ള അവസരമുണ്ട്.

*****************************************

## മന്ത്രി കെ.ബി.ഗണേഷ്കുമാർ-ധനസഹായം

കോഴിക്കോട് തിരുവമ്പാടി കാളിയാമ്പുഴ ബസ് അപകടത്തിൽ മരണപ്പെട്ടവർക്കുള്ള ധനസഹായം മന്ത്രി കെ. ബി.ഗണേഷ്കുമാർ കൈമാറി. ധനസഹായം പ്രവൃത്തി പുരോഗമിക്കുന്ന തിരുവമ്പാടി KSRTC ഡിപ്പോയും മന്ത്രി സന്ദർശിക്കും. ഡിപ്പോ നിർമ്മാണം സംബന്ധിച്ച അവലോകന യോഗവും ചേരും.

*************************************

***************************************************************************************************************

RNU TVPM